**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 592 — 04.02.2020-ലെ മറുപടിയ്ക്ക്

## കായിക പ്രതിഭകളെ കണ്ടെത്തുന്നതിനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്കൂൾതലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | (എ), (ബി) & (സി) | സ്കൂൾതലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**<br>ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.<br>നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഗുണഭോക്താക്കളെ തിരിഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | | |
| (സി) | ഏതെല്ലാം പദ്ധതികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | |

**സ്പ്ലാഷ്**

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

**ഹൂപ്സ്**

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോക നിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

**സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ്

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്നത്. പദ്ധതി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.<br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>ടി പദ്ധതികളിൽ സ്പ്രിന്റ് ഒഴികെയുള്ള മറ്റുള്ള പദ്ധതികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**